# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 ഏപ്രിൽ 1, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |
| പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

## തോട്ടം മേഖലയിൽ മിനിമം വേതനം

*211 ശ്രീ. പാലോട് രവി
,, ബെന്നി ബെഹനാൻ
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ മിനിമം വേതനം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>അതീവ ചൂഷിത ഗോത്രവിഭാഗങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ</u>

*212 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എ. കെ. ബാലൻ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അതീവ ചൂഷിത ഗോത്രവിഭാഗങ്ങളുടെ (പർട്ടിക്കുലർലി വൾനറബിൾ ട്രൈബൽ ഗ്രൂപ്പ്) ക്ഷേമത്തിനായി 13- ാം ധനകാര്യകമ്മിഷൻ നിർണ്ണയപ്രകാരമുള്ള 148 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ ;

(ബി) എന്തൊക്കെ പരിപാടികൾക്കാണ് തുക അനുവദിച്ചതെന്നറിയിക്കുമോ

(സി) ഈ പരിപാടികൾ നടപ്പിലാക്കാനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ; ഈ പദ്ധതികളുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ആരോഗ്യസര്‍വ്വകലാശാല</u>

*213 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, റ്റി. എ. അഹമ്മദ് കബീര്‍
,, സി. മമ്മൂട്ടി
,, പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യസര്‍വ്വകലാശാല നിലവില്‍ വന്നശേഷം ആരോഗ്യപഠനമേഖലയിലുണ്ടായ ഗുണപരമായ മാറ്റങ്ങള്‍ എന്തൊക്കെയാണെന്നു വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍, വിശദവിവരം നല്‍കുമോ;

(ബി) നൂതന വൈദ്യശാസ്ത്രമേഖലയിലെ ഗവേഷണ പ്രവര്‍ത്തനങ്ങളില്‍ നമ്മുടെ പങ്കാളിത്തം ഉറപ്പാക്കാന്‍ ആരോഗ്യസര്‍വ്വകലാശാലയുടെ ആഭിമുഖ്യത്തില്‍ എന്തെല്ലാം പദ്ധതികള്‍ ആസൂത്രണം ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഭാരതത്തിന്റെ തനതുചികിത്സാരീതികളുടെ പ്രോത്സാഹനത്തിനും, ആരോഗ്യപഠനരംഗത്ത് ഒരു ഹോളിസ്റ്റിക് സമീപനം പരീക്ഷിക്കുന്നതിനും ഉദ്ദേശ്യമുണ്ടോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്</u>

*214 ശ്രീ. കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>'മൃതസഞ്ജീവനി' പദ്ധതി</u>

*215 ശ്രീ. കെ. അജിത്
,, ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള വൃക്ക രോഗികൾക്കുവേണ്ടി രൂപം നൽകിയ മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിലാക്കാൻ കഴിയാതെപോയതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) വൃക്ക രോഗികൾക്ക് കുറഞ്ഞ ചെലവിൽ ചികിത്സ ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>മനുഷ്യരിലെ മരുന്ന് പരീക്ഷണം</u>

*216 ശ്രീ. ലൂഡി ലൂയിസ്
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യരിൽ മരുന്ന് പരീക്ഷണം നടക്കുന്നുണ്ടോ എന്നറിയാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുളളത്; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കർശനമായ പരിശോധന നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവയുടെ പഠനത്തിനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) റിപ്പോർട്ട് ലഭിച്ചാൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ജലശ്രീ ക്ലബ്ബുകൾ</u>

*217 ശ്രീ. എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലശ്രീ ക്ലബ്ബുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പുതിയ ജലസംസ്ക്കാരം വളർത്തിയെടുക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്താനുദ്ദേശിക്കുന്നതെന്നറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മികച്ച ജലസൗഹൃദ വിദ്യാലയത്തിനുള്ള പുരസ്ക്കാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ടെട്രാ പായ്ക്കിലാക്കി ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതി</u>

*218 ശ്രീ. വി. ചെന്താമരാക്ഷൻ
,, ഇ. പി. ജയരാജൻ
,, എ. എം. ആരിഫ്
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ടെട്രാ പായ്ക്കിലാക്കി ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ;

(ബി) മിതമായ വിലയ്ക്ക് ടെട്രാപായ്ക്കിലും കുപ്പിയിലും ജാറിലും ശുദ്ധമായ വെള്ളം വിതരണം ചെയ്യുന്നതിന് ജല അതോറിറ്റി തയ്യാറാകുമോ;

(സി) പായ്ക്കറ്റുവെള്ള വിതരണക്കാരുടെ താൽപര്യസംരക്ഷണാർത്ഥമാണ് അരുവിക്കരയിലും തൊടുപുഴയിലും തുഷാരഗിരിയിലും തുടങ്ങുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ സേവനങ്ങൾ</u>

*219 ശ്രീ. എ. പ്രദീപ്കുമാർ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ശിവൻകുട്ടി
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജിലെയും, മറ്റു സർക്കാർ ആശുപത്രികളിലെയും സേവനങ്ങളെക്കുറിച്ച് അവലോകനം നടത്താൻ സർക്കാർ തയ്യാറാകുമോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ തിയേറ്ററിൽ കയറ്റിയ രോഗിയെ തിരിച്ചയയ്ക്കാനിടയായ സാഹചര്യം എന്തായിരുന്നു;

(സി) മരുന്നുലോബിയുടെയും, സ്വകാര്യലാബുകളുടെയും താത്പര്യം സംരക്ഷിക്കുന്ന ഡോക്ടർമാർ നിരവധിയുണ്ടെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ; ഇവർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്നറിയിക്കുമോ;

(ഡി) ഇതുവരെ ഇത്തരം കേസ്സുകളിൽ എടുത്ത നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പീടിക തൊഴിലാളികള്‍ക്ക് മിനിമം വേതനം</u>

*220 ശ്രീ. ബി. സത്യന്‍
,, ഇ. പി. ജയരാജന്‍
,, സി. കൃഷ്ണന്‍
,, പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള ഷോപ്പ്സ് ആന്‍ഡ് കൊമേഴ്സ്യല്‍ എസ്റ്റാബ്ലിഷ്മെന്റ് വര്‍ക്കേഴ്സ് വെല്‍ഫെയര്‍ ഫണ്ട് ബോര്‍ഡിന്റെ പ്രവര്‍ത്തനം വിലയിരുത്താറുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ?

(ബി) ഹോട്ടല്‍ ആന്റ് റസ്റ്റോറന്റ് തൊഴിലാളികള്‍ ഉള്‍പ്പെടെയുള്ള പീടികത്തൊഴിലാളികള്‍ക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ അതിന്റെ കാരണം അറിയിക്കുമോ;

(സി) ഇവര്‍ക്ക് നിയമാനുസൃതമായ തൊഴില്‍ സാഹചര്യങ്ങളും വേതനവും അവധിയും ഉറപ്പാക്കാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഈ സര്‍ക്കാര്‍ അധികാരത്തിലെത്തിയതിന് ശേഷം നടത്തിയ പരിശോധനകളുടെയും എടുത്ത കേസുകളുടെയും വിശദാംശം നല്കാമോ;

(ഇ) സ്ത്രീ തൊഴിലാളികള്‍ക്ക് ശമ്പളത്തോടുകൂടിയ പ്രസവാവധി നല്‍കാറുണ്ടോയെന്ന് പരിശോധന നടത്തിയിട്ടുണ്ടോ;

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന</u>

*221 ശ്രീ. കെ. രാജു
,, വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയുടെ കീഴിലുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻ പ്രകാരം സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾക്ക് കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടോ; എങ്കിൽ എത്ര തുകയാണ് കൊടുത്തു തീർക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി വഴിയുള്ള സേവനം സ്വകാര്യ ആശുപത്രികൾ നിർത്തിവയ്ക്കാൻ പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരുന്നത്; ഇത് തുടർന്നും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം</u>

*222 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം പോലും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന നഴ്സുമാർക്ക് മിനിമം വേതനം പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അത് സംബന്ധിച്ച് വിശദാംശം വ്യക്തമാക്കാമോ;

(ഡി) മിനിമം വേജസ്സ് നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്ത് സംവിധാനമാണ് നിലവിലുളളത്; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>തൊഴിൽ ക്ലബുകളുടെ രൂപീകരണം</u>

*223 ശ്രീ. കെ. അച്ചുതൻ
,, സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ ക്ലബുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്വന്തമായി തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് ഈ ക്ലബുകൾക്ക് നൽകുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് നടപടി</u>

*224 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി
,, ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളെ പ്രകൃതിദത്തമായ രീതിയിൽ സംരക്ഷിച്ച് നിലനിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നദികളും മറ്റു ജല സ്രോതസ്സുകളും വറ്റി വരണ്ടതുമൂലം അവയുടെ തീരങ്ങൾ കയ്യേറി നശിപ്പിക്കുന്നത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നദികളിലേയും നദീതീരങ്ങളിലേയും മലിനീകരണം തടയുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>ജലടൂറിസത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ സംവിധാനം</u>

*225 ശ്രീ. എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, സണ്ണി ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലടൂറിസത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) അതോറിറ്റിയുടെ ചുമതലകളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>മന്തുരോഗ പ്രതിരോധമരുന്ന് വാങ്ങിയതിലെ ക്രമക്കേട്</u>

*226 ശ്രീ. പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
,, വി. എസ്. സുനിൽകുമാർ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ മന്തുരോഗ പ്രതിരോധ സമൂഹ ചികിത്സാ പദ്ധതിയ്ക്കായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഡൈ ഈതൈൽ കാർബാമെസിൻ (ഡി.ഇ.സി) എന്ന ഗുളിക ഒരെണ്ണത്തിന് എന്തു വില നല്കിയാണ് വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതേ ഗുളിക സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേക്ക് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്തു വില കൊടുത്താണ് വാങ്ങിക്കൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ രണ്ടു വിലയിലും എന്തെങ്കിലും വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ വ്യത്യാസം വരാനുണ്ടായ കാരണം വിശദമാക്കുമോ;

(ഡി) മരുന്നു വാങ്ങൽ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും ലംഘിച്ച് വൻ ക്രമക്കേട് നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**01.04.2013-ലെ മറുപടിക്ക്**

<u>സ്കൂൾ കുട്ടികൾക്ക് ഇരുമ്പ് ഗുളിക വിതരണം</u>

*227 ശ്രീമതി കെ.കെ. ലതിക
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ. എ.എം. ആരിഫ്
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൂൾ കുട്ടികൾക്കെല്ലാം ഇരുമ്പു ഗുളിക വിതരണം ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടോ. ഇത് ആരോഗ്യ വകുപ്പിന്റെ പഠനങ്ങൾക്ക് ശേഷമാണോ;

(ബി) ഇരുമ്പിന്റെ അപര്യാപ്തത ഇല്ലാത്ത കുട്ടികൾക്ക് ഗുളിക പാർശ്വഫലങ്ങൾ ഉളവാക്കുമെന്ന് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ അശാസ്ത്രീയമായ മരുന്നു വിതരണം അവസാനിപ്പിച്ച് കുട്ടികളെ പരിശോധിച്ചു ശാസ്ത്രീയമായ രീതിയിൽ ഇരുമ്പുഗുളിക വിതരണം നടത്തുമോ;

(ഡി) ഈ പദ്ധതിക്കായി എത്ര തുക നീക്കി വെച്ചിട്ടുണ്ടെന്നും ഈ ഗുളികകൾ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണോ വാങ്ങിയതെന്നും അല്ലെങ്കിൽ അതിന്റെ കാരണവും അറിയിക്കുമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>പരമ്പരാഗത തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ</u>

*228 ശ്രീ. കെ. വി. വിജയദാസ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എളമരം കരീം
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്കെല്ലാം മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; അത് അവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളുടെ ജോലിസാഹചര്യവും വേതനവും മെച്ചപ്പെടുത്താൻ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(ഡി) വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>കുടിവെള്ളത്തിന്റെ ഗുണനിലവാരം</u>

*229 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എം. ചന്ദ്രൻ
,, ബാബു എം. പാലിശ്ശേരി
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പിയിലും ജാറിലും നിറച്ചു വിൽപ്പന നടത്തുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ഗുണനിലവാരമില്ലാത്ത കുടിവെള്ളം വിറ്റതിന്റെ പേരിൽ ഏതെങ്കിലും നിർമ്മാതാക്കൾക്കോ വിൽപ്പനക്കാർക്കോ എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ എല്ലാ കുപ്പിവെള്ള നിർമ്മാതാക്കളും സോഡാ നിർമ്മാതാക്കളും ഭക്ഷ്യ സുരക്ഷാനിയമപ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടോ; ഇതുവരെ എത്ര കമ്പനികൾ ലൈസൻസ് എടുത്തിട്ടുണ്ട്;

(ഡി) ഇവരുപയോഗിക്കുന്ന ജലസ്രോതസ്സിന്റെ ശുദ്ധി ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതികൾ</u>

*230 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, വി. പി. സജീന്ദ്രൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പട്ടികജാതി വിദ്യാർത്ഥികൾക്കായി പുതുതായി ഏർപ്പെടുത്തിയ വിദ്യാഭ്യാസാനുകൂല്യ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് തുക പിന്നോക്ക ന്യൂനപക്ഷ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിവരുന്നതിനേക്കാൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സർക്കാരാശുപത്രികളിലെ രോഗ പരിശോധനാ സംവിധാനം</u>

*231 ശ്രീ. സി.എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി.യു കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ നിന്നും രക്ത പരിശോധനയ്ക്കും മറ്റു പരിശോധനകൾക്കും വ്യാപകമായി രോഗികളെ സ്വകാര്യ ലാബിലേക്ക് വിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ സർക്കാർ ആശുപത്രികളിലും പി.എച്ച്.സികളിലും രക്ത പരിശോധനയും മറ്റു പരിശോധനകളും നടത്തുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതി</u>

*232 ശ്രീ. ജി. സുധാകരൻ
,, കെ. രാധാകൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതി വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ വർഷം ഇതിനായി ചെലവഴിച്ച തുക എത്രയെന്നറിയിക്കാമോ; പദ്ധതി ലക്ഷ്യം നേടിയതായി കരുതുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സുരക്ഷാ ഓഡിറ്റിങ്</u>

*233

ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സുരക്ഷാ മാന്വൽ തയ്യാറാക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ തയ്യാറാക്കിയിട്ടുള്ള സുരക്ഷാ മാന്വലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കെട്ടിട നിർമ്മാണ സ്ഥലങ്ങളിൽ സുരക്ഷാ ഓഡിറ്റ് നിർബന്ധമാക്കണമെന്നുള്ള തീരുമാനം എന്നാണ് എടുത്തത്; ഇത് എന്നു മുതൽ പ്രാബല്യത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ഡി) സുരക്ഷാ ഓഡിറ്റിംഗിനു യോഗ്യരായ ഏജൻസികളെ നിശ്ചയിക്കുവാൻ സാധിച്ചുവോ; എങ്കിൽ ഏജൻസികളുടെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കുടിവെള്ള ടാങ്കറുകൾക്ക് ഭക്ഷ്യസുരക്ഷാലൈസൻസ്</u>

*234 ശ്രീ. എസ്. ശർമ്മ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. വി. ശിവൻകുട്ടി
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ടാങ്കറുകളുടെ പ്രവർത്തനത്തിന് മാനദണ്ഡം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) ടാങ്കറുകൾ പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ടാങ്കറുകൾ നദികളിൽ നിന്നും കിണറുകളിൽ നിന്നും ഒരു പരിശോധനയും കൂടാതെ വെള്ളം ശേഖരിച്ച് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുടിവെള്ള വിതരണത്തിലേർപ്പെട്ടിട്ടുള്ള ടാങ്കറുകളെല്ലാം ഭക്ഷ്യസുരക്ഷാനിയമപ്രകാരം ലൈസൻസ് എടുത്തിട്ടുള്ളവയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ശുചിത്വമില്ലാത്ത സ്രോതസ്സുകളിൽ നിന്ന് ജലം ശേഖരിച്ച് വിതരണം ചെയ്തതിന്റെ പേരിൽ ഏതെങ്കിലും കുടിവെള്ള വിതരണക്കാർക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

ജാലകം

*235 ശ്രീ. ഷാഫി പറമ്പിൽ
,, വി.റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് പ്രോഗ്രാം, ഇൻഫർമേഷൻ സെന്റർ ആന്റ് യൂത്ത് സർവ്വീസസ് (ജാലകം) ആരംഭിക്കുവാൻ യുവജനക്ഷേമബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>സെക്യൂരിറ്റി ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകൾ</u>

*236 ശ്രീ.ജോസ് തെറ്റയിൽ
,, മാത്യു.റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിവിധ കോൺട്രാക്ടർമാരുടെ കീഴിൽ പ്രവർത്തിക്കുന്ന സെക്യൂരിറ്റി ജിവനക്കാരുടെ നിലവിലെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവരുടെ സേവന–വേതന വ്യവസ്ഥകളെ സംബന്ധിച്ച നിലവിലെ വിശദാംശം ലഭ്യമാക്കാമോ;

(സി) സെക്യൂരിറ്റി ജീവനക്കാരുടെ നിലവിലുള്ള സ്ഥിതിയെക്കുറിച്ച് പഠിക്കുന്നതിനും അവരുടെ സേവന–വേതന വ്യവസ്ഥകളെ സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിനും ഒരു കമ്മീഷനെയൊ കമ്മറ്റിയെയോ നിയോഗിക്കുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

## ഡാം സുരക്ഷാ അതോറിറ്റിയുടെ ശുപാർശകൾ

*237 ശ്രീ. ബി. ഡി. ദേവസ്സി
,, കോടിയേരി ബാലകൃഷ്ണൻ
,, പി.റ്റി. എ. റഹീം
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും സുരക്ഷാനിരീക്ഷണം കാര്യക്ഷമമാക്കുന്നതിനും ഡാം സുരക്ഷാ അതോറിറ്റിയുടെ ശുപാർശകൾ നടപ്പാക്കുന്നതിൽ വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിലെ ഡാമുകളിൽ "സെന്റർ ഫോർ എർത്ത് സയൻസ് & സ്റ്റഡീസ്" (സെസ്സ്) ഭൂകമ്പ സാധ്യതാ പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; സെസ്സിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഭൂമികുലുക്കം പഠിക്കുന്നതിനായി ഏതെല്ലാം ഡാമുകളിലാണ് "സ്ട്രോങ്ങ് മോഷൻ ആക്സിലോഗ്രാഫ്" സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഏതെല്ലാം ഇനത്തിൽ എന്തു തുക തന്നാണ്ടിൽ വകയിരുത്തിയിരുന്നു; പ്രസ്തുത ഇനങ്ങളിൽ ചെലവഴിച്ചതെത്രയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>നദീജലത്തിലെ ഫീക്കൽ കോളിഫോം ബാക്ടീരിയ</u>

*238 ശ്രീ. പി. ഉബൈദുള്ള
,, എം. ഉമ്മർ
,, എൻ. എ. നെല്ലിക്കുന്ന്
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദീജലത്തിൽ ഫീക്കൽ കോളിഫോമുകളുടെ അളവ് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നദീജലത്തെ അത്തരം മാലിന്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(സി) സ്വീവേജ് മാലിന്യം നദികളിലെത്തുന്നത് തടയാൻ ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>ഭൂഗർഭജലനിരപ്പ് അപകടകരമായ അളവിൽ താഴുന്നതായുള്ള പഠനറിപ്പോർട്ട്</u>

*239 ശ്രീ. എസ്. രാജേന്ദ്രൻ
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ജെയിംസ് മാത്യു
,, പി.റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭ ജലനിരപ്പ് അപകടകരമായ അളവിൽ താഴുന്നതായുള്ള കേരള ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി താഴുന്നത് ഭൂഗർഭ ജലത്തിൽ വിഷപദാർത്ഥങ്ങൾ കലർന്ന് അസ്ഥിരോഗം, ആമാശയ സംബന്ധമായ രോഗങ്ങൾ തുടങ്ങി കാൻസർ പോലുള്ള മാരക രോഗങ്ങൾക്കുവരെ കാരണമാകുമെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടുപ്രകാരം ഏറ്റവും കൂടുതൽ പ്രശ്നബാധിതമായ ചിറ്റൂർബ്ലോക്കിൽ ദുരിതബാധിതർക്ക് ആശ്വാസം നൽകാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തെന്നും എന്ത് തുടർനടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

വിജ്ഞാൻ വാടികൾ

*240 ശ്രീ. വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജ്ഞാൻ വാടികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) എല്ലാ പഞ്ചായത്തിലും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ള വിജ്ഞാൻ വാടികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(സി) ഇതിനകം എത്ര പഞ്ചായത്തുകളിൽ വിജ്ഞാൻ വാടികൾ സ്ഥാപിച്ചു കഴിഞ്ഞു;

(ഡി) സ്ഥാപിച്ചവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ നിലവിലുള്ള അപര്യാപ്തതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 മാർച്ച് 23.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

[ ചട്ടം 47(1)].